നം.കെഎസ്എ-കെടിഎം.പി.15-1849/2018 തീയതി : 09.10.2018

# കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ 12.09.2018-ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തശേഷം ലഭ്യമായ മറുപടി പരിഗണിച്ച് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുരേഷ് രാജു ഡി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.08.2018, 16.08.2018, 05.09.2018,<br>06.09.2018, 07.09.2018, 12.09.2018 | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ് എം.<br>(14.08.2018 ഒഴികെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |
| | ശ്രീ ആൽബിൻ സിറിയക് | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ ടി. ശശീന്ദ്രനാഥ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| ചെയർപേഴ്സൺ<br>(ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ലതാകുമാരി സലിമോൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| ചെയർപേഴ്സൺ<br>(വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ റോയിജോൺ ഇടയത്തറ | 01.04.2017 മുതൽ<br>31.03.2018 വരെ |
| ചെയർപേഴ്സൺ<br>(ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | സീമോൾ സി. തോമസ് | 01.04.2017 മുതൽ<br>04.12.2017 വരെ |
| | ബെറ്റി റ്റോജോ | 23.12.2017 മുതൽ<br>31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും<br>വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ ജോയിസ് ജോസഫ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ശ്രീ കെ. ജി. സലിംകുമാർ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.05.2017 വരെ |
| | ശ്രീ ഷറഫ് പി. ഹംസ(അധികച്ചുമതല) | 01.06.2017 മുതൽ 11.07.2017 വരെ |
| | ശ്രീ പി.കെ. അപ്പുക്കുട്ടൻ | 12.07.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. മായ എസ്. രാജപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ(CDPO) | അർച്ചന എ. ആർ. | 01.04.2017 മുതൽ 28.06.2017 വരെ |
| | സുലോചന പി. എസ്. | 29.06.2017 മുതൽ 19.08.2017 വരെ |
| | സുമ പി. എസ്.(സൂപ്പർവൈസർ) | 20.08.2017 മുതൽ 28.08.2017 വരെ |
| | അംബിക എൽ. | 29.08.2017 മുതൽ 31.03.2018 വരെ |
| ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ(GEO) | ശ്രീ. അനിൽകുമാർ വി. ജി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. | ഡോ. രശ്മി ജി. | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ(SCDO) | ശ്രീ സന്തോഷ് ശിവാനന്ദൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ-ഗവ. ആശുപത്രി | ഡോ. പ്രീത എസ്. വൈ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | ശ്രീമതി ടെസ്സി എബ്രഹാം | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ(DEO) | കെ. ജയലക്ഷ്മി | 01.04.2017 മുതൽ 13.06.2017 വരെ |
| | കെ. ടി. മാത്യു | 14.06.2017 മുതൽ 20.07.2017 വരെ |
| | കെ. ജയലക്ഷ്മി | 21.07.2017 മുതൽ 07.11.2017 വരെ |
| | ഉദയകല പി. എസ്. | 08.11.2017 മുതൽ 16.11.2017 വരെ |
| | ഷേർലി അലക്സ് | 17.11.2017 മുതൽ 31.03.2018 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ(IEO) | ശ്രീ ശരത്ലാൽ എസ്. ടി. | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സൂപ്രണ്ട്-സാമൂഹ്യനീതി വകുപ്പ് | ശ്രീ ജയൻ എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | ശ്രീ അനീഷ് എസ്. നായർ | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം

| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം **1** -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-10 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം **2** -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാടക – നടപടിക്രമത്തിൽ അപാകത |
| ഭാഗം **3** -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | നീരിക്കാട് എസ്.സി കോളനി ടി.വി. സെന്റർ നിർമ്മാണം-പ്രോജക്ട് തയ്യാറാക്കൽ, പണം പിൻവലിക്കൽ എന്നിവയിൽ അപാകതകൾ |
| 3-2 | ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ |
| 3-3 | റീടെൻഷൻ തുക പിൻവലിച്ച് അക്കൗണ്ടിലിട്ടില്ല -ബ്ലോക്ക് പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത |
| 3-4 | ഉദിക്കാമല-പട്ടുകുളം ലൈൻ എക്സ്റ്റൻഷൻ-എസ്റ്റിമേറ്റിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി |
| 3-5 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി - പദ്ധതി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-6 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 20,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ്റ് പ്രവർത്തനസജ്ജമായില്ല |
| 3-8 | ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല -- 75,995/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | തോട്ടക്കാട് ഗവ. ആശുപത്രി- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല |
| 3-10 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല - 2,10,578/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം **4** -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 27.03.2017 തിയതിയിലെ 24(7)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | - | 18,543,225/- |
| വരവ് | 246,363,240/- | 51,544,801/- |
| ആകെ | 246,363,240/- | 70,088,026/- |
| ചെലവ് | 243,168,849/- | 60,621,278/- |
| നീക്കിയിരിപ്പ് | 3,194,391/- | 9,466,748/- |

എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തുടങ്ങിയ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ നിർവ്വഹണ പരിധിയിലുള്ള ഫണ്ടുകൾ കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രസ്തുത ഫണ്ടുകളുടെ വിനിമയം ഉൾപ്പെടുന്നില്ലാത്തതിനാൽ ബജറ്റ് പ്രകാരമുള്ള വകയിരുത്തലുകളും യഥാർത്ഥ കണക്കുകളുമായുള്ള താരതമ്യം സാധ്യമല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പ്പ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2018 ലെ B-1136/2018 നം. കത്ത് പ്രകാരം 08.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും ഓഡിറ്റ് സമയത്ത് നടത്തി. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-10 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18,543,225/- |
| വരവ് | 51,544,801/- |
| ആകെ | 70,088,026/- |
| ചെലവ് | 60,621,278/- |
| നീക്കിയിരിപ്പ് | 9,466,748/- |

## 1-5 ഫണ്ട് വിനിയോഗം-വിശകലനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 29,364,851/- | 29,364,851/- | 29,332,644/- | 32,207/- | 99.89 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 8,936,000/- | 8,936,000/- | 6,429,891/- | 2,506,109/- | 71.95 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 777,000/- | 777,000/- | 0 | 777,000/- | 0.00 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3,705,000/- | 3,705,000/- | 3,609,698/- | 95,302/- | 97.43 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 795,109/- | 63,775/- | 858,884/- | 65,649/- | 793,235/- | - |
| തണ്ണീർത്തട സംരക്ഷണ പദ്ധതി(IWMP) | 527,514/- | 1,140,259/- | 1,667,773/- | 1,582,085/- | 85,688/- | - |
| ഇന്ദിര ആവാസ് യോജന(IAY) | 12,301,411/- | 4,624,972/- | 16,926,383/- | 10,446,890/- | 6,479,493/- | - |
| ബി-ഫണ്ട് | 0 | 934,999/- | 934,999/- | 934,999/- | 0 | - |
| തനത് ഫണ്ട്(ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ) | 4,545,141/- | 4,127,179/- | 8,672,320/- | 7,202,105/- | 1,470,215/- | - |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥ വരവ്-ചെലവ് മാത്രമാണ് ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 3,360,547/- രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്. തനത് ഫണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ അവയുടെ ബാങ്ക് ബാലൻസിൽ നിന്നും ബാധ്യതകൾ കുറവ് ചെയതാണ് കണ്ടെത്തിയിട്ടുള്ളത്. തനത് ഫണ്ട് വരവ്-ചെലവുകൾ റസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരമുള്ളതാണ്. തനത് ഫണ്ടിനു മാത്രമായി ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി ഇനത്തിലുള്ള ഫണ്ടിന്റ വിനിയോഗം കൃത്യമായി വിലയിരുത്താൻ സാധിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | 776,300/- | 703,839/- | 90.67 |
| 2. | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 9 | 7 | 4,161,616/- | 2,854,991/- | 68.60 |
| 3. | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 20 | 18 | 12,439,185/- | 7,695,620/- | 61.87 |
| 4. | ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | 5 | 2 | 2,263,567/- | 982,943/- | 43.42 |
| 5. | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. | 3 | 3 | 450,000/- | 450,000/- | 100 |

| | | | | | | |
|---|---|---|---|---|---|---|
| 6. | പട്ടികജാതി വികസന ഓഫീസർ | 1 | 1 | 300,000/- | 271,400/- | 90.47 |
| 7. | മെഡിക്കൽ ഓഫീസർ-സർക്കാർ ആശുപത്രി | 3 | 3 | 658,100/- | 657,500/- | 99.91 |
| 8. | അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 2 | 1 | 5,000,000/- | 3,984,100/- | 79.68 |
| 9. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 2,000,000/- | 2,000,000/- | 100 |
| 10. | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 2,710,390/- | 1,750,500/- | 64.58 |
| 11. | സൂപ്രണ്ട്-സാമൂഹ്യ ക്ഷേമ വകുപ്പ് | 2 | 2 | 239,726/- | 239,726/- | 100 |
| 12. | അസിസ്റ്റന്റ് എൻജിനീയർ | 50 | 46 | 24,260,617/- | 17,781,614/- | 73.29 |
| ആകെ | | 99 | 87 | 55,259,501/- | 39,372,233/- | 71.25 |

ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയ്ക്ക് 1-2-18 ലെ നം.490/17/DPC/DPO/KTM നം ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു. വാർഷിക പദ്ധതിയിൽ ആകെ വിഭാവനം ചെയ്ത 99 പദ്ധതികളിൽ 87 എണ്ണവും നടപ്പാക്കാൻ കഴിഞ്ഞുവെന്നത് എടുത്തു പറയത്തക്ക നേട്ടമാണ്. പദ്ധതിവിഹിതത്തിൽ പൊതുവിഭാഗത്തിൽ അനുവദിയ്ക്കപ്പെട്ട തുകയുടെ 99.89% വും പട്ടികജാതിവിഭാഗത്തിൽ 71.95% വും ചെലവഴിയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗവിഭാഗത്തിനായി അനുവദിക്കപ്പെട്ട തുകയൊട്ടും തന്നെ തൻവർഷം ചെലവഴിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും എല്ലാ മാസവും യോഗം ചേർന്ന് പദ്ധതിരൂപീകരണം, നിർവ്വഹണം തുടങ്ങിയവ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുന്നുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളിൽ 4 എണ്ണം ഒഴികെയുള്ളവ തൻവർഷം യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട വരവുചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ പേരിൽ Bank of Baroda ലെ അക്കൗണ്ടിലൂടെയാണ് നടത്തുന്നത് (അക്കൗണ്ട് നം.06850100009060). കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 12,014/- |
| വരവ് | EFMS വരവ് | 609,713/- | 612,311/- |
| | പലിശ വരവ് | 2,598/- | |
| ആകെ | | | 624,325/- |
| ചെലവ് | ഹോണറേറിയം & ബത്തകൾ | 494,693/- | 510,583/- |
| | അൺക്യാഷ്ഡ് ചെക്ക് മാറിയത് | 15,890/- | |
| നീക്കിയിരിപ്പ് | | | 113,742/- |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ, ബാങ്ക് അക്കൗണ്ട് എന്നിവ നിശ്ചിത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-8 ആഭ്യന്തരനിയന്ത്രണം

ചെലവു വൗച്ചറുകളും അനുബന്ധ രേഖകളും പരിപാലിയ്ക്കുന്നുണ്ടെങ്കിലും അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകളുടെ പരിപാലനം കൃത്യമല്ല. മുൻകൂറുകൾ ക്രമീകരിയ്ക്കുന്നതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല നൽകുന്ന എല്ലാ മുൻകൂറുകളുടെയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുമില്ല.ഡെപ്പോസിറ്റ് രജിസ്റ്ററിലും തുക റീഫണ്ട് ചെയ്തതിന്റെ വിവരമല്ലാതെ മുന്നിരിപ്പ്, വരവ്, വർഷാവസാന നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. ലോൺ രജിസ്റ്ററിലും തൻ വർഷ ലോൺ തിരിച്ചടവുകൾ രേഖപ്പെടുത്തിയിട്ടില്ല. ദിവസവേതനത്തിൽ നിയമിക്കപ്പെടുന്നവരുടെ ഹാജർ സംബന്ധിച്ച് മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല. രസീത്, സ്റ്റേഷനറി, ഫർണിച്ചർ അനുബന്ധ ഉപകരണങ്ങൾ എന്നിവയെല്ലാം കൂടി ഒറ്റ സ്റ്റോക്ക് രജിസ്റ്ററാണ് സൂക്ഷിച്ചിരിയ്ക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് നം/ |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.05.2017 - 12.05.2017 | 2016-17 | No.100/PA/KTM/2018 Dated 01.02.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/2014 | 2010-11 മുതൽ 2012-13 വരെ | LBA/HQ/II8A/2048/190 Dated : 25.08.2014 |

## 1-10 വാർഷിക കണക്കുകളുടെ അവലോകനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 51,451,843/- രൂപയും ചെലവ് 42,974,438/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 8,477,405/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 67,802,908/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 55,049,758/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 12,753,150/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.
3. സമ്പൂർണ്ണ ശുചിത്വ പരിപാടി ഫണ്ടിന്റെ വിനിമയം 320100115,320100299 എന്നീ രണ്ട് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്താണ് നടത്തുന്നത്. ആയത് ഒരു ശീർഷകത്തിലാക്കി ക്രമീകരിക്കേണ്ടതാണ്. പ്രസ്തുത ഫണ്ടിന്റെ എ.സി.ആർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. ഐ.എ.വൈ. പദ്ധതിയുടെ ഫണ്ട് സംയുക്ത പ്രോജക്ടിനായുള്ള തുകകൾ അക്കൗണ്ട് ചെയ്യുന്ന 320700203, 320700205 ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയത് ഐ.എ.വൈ. അക്കൗണ്ട് ശീർഷകത്തിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.
5. 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി കണക്കുകളുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.
6. ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. വിഹിതം 350800299-Other Liabilities ശീർഷകത്തിലാണ് ചേർത്തിട്ടുള്ളത്. ആയത് ആയത് ഐ.എ.വൈ. അക്കൗണ്ട് ശീർഷകത്തിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.
7. കുടിശിക വാടക(431400102) ഇനത്തിൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള 1,300/- രൂപയുടെ വിശദാംശം ലഭ്യമല്ല.
8. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരമുള്ള അഡ്വാൻസ് തുകകളുടെ കൃത്യത വ്യക്തമല്ല. 460500201, 460500202, 460500204 എന്നീ ശീർഷകങ്ങളിലെ ഡെപോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ നിലനിൽക്കുന്ന തുകകളുടെ 01.04.2017 ലെ മുന്നിരിപ്പിന്റെ വിശദാംശം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന ഫണ്ടിന്റെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതാണ്.
9. സമ്പൂർണ്ണ ശുചിത്വ പരിപാടി (TSC) ഫണ്ടിന്റെ വിനിമയം 320100115, 320100299 എന്നീ 2 ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്യുന്നത്. ടി തുകയുടെ വരവ്-ചെലവ് 320100115-Centrally Sponsored Scheme-Total Sanitation Campign (TSC) ശീർഷകത്തിൽ മാത്രമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. തൻവർഷം സമ്പൂർണ്ണ ശുചിത്വ പരിപാടിക്കായി ലഭിച്ചതും വിനിയോഗിച്ചതുമായ എല്ലാ തുകകളും ടി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ സമ്പൂർണ്ണ ശുചിത്വ പരിപാടി ഫണ്ടിന്റെ വിനിമയം കൃത്യമായി പ്രതിഫലിക്കുന്നില്ല.
10. സംയോജിത തണ്ണീർത്തട സംരക്ഷണ പദ്ധതി(IWMP) ഫണ്ടിലേക്ക് ലഭിച്ച 572,733/- രൂപയുടെ വരവ് റവന്യൂ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ ധനകാര്യ പത്രികയിൽ IWMP ഫണ്ടിന്റെ 320100299 ശീർഷകത്തിൽ പ്രസ്തുത ഫണ്ടിന്റെ വിനിമയം കൃത്യമായി പ്രതിഫലിക്കുന്നില്ല.
11. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരമുള്ള ഡെപോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
12. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവുചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ

ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. ഗുണഭോക്തൃ വിഹിതമിനത്തിൽ 31.03.2018 ൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല.
14. പ്രോജക്ട് നം.52/18 വൃദ്ധസദനത്തിന് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലിനായി 144,000/- രൂപ സാമൂഹ്യനീതി വകുപ്പ് സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക ഡെപോസിറ്റായി 31.03.2018-ലെ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നില്ല.

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക – നടപടിക്രമത്തിൽ അപാകത

വാടക രജിസ്റ്റർ പ്രകാരം 2017-18 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 കെട്ടിടങ്ങൾ/മുറികൾ തൻവർഷം വാടകയ്ക്ക് നൽകിയിട്ടുണ്ട്. എല്ലാ കെട്ടിടങ്ങളും സ്വാശ്രയ സംഘങ്ങൾക്കാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | മുറികൾ വാടകയ്ക്ക് എടുത്ത സ്വാശ്രയ സംഘം | 2017-18 മാസ വാടക | വാർഷിക വാടക |
|---|---|---|---|
| 1. | റിനോൺ വനിത സൊസൈറ്റി | 500/- | 6,000/- |
| 2. | ചൈതന്യ-അയർക്കുന്നം | 500/- | 6,000/- |
| 3. | മഹാത്മാ-ആറുമാനൂർ | 150/- | 1,800/- |
| 2017-18 വർഷത്തെ വാടക ഡിമാന്റ് | | | 13,800/- |

വാടക നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാടക സംബന്ധിച്ച വ്യവസ്ഥകളും നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന ബൈ-ലോ തയ്യാറാക്കിയിട്ടില്ല.
2. മുറികൾക്ക് നമ്പർ നൽകി കുത്തകക്കാർ/സ്വാശ്രയ സംഘവുമായി വാടക വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ച് നടപടിക്രമങ്ങൾ നിയമാനുസൃതമാക്കിയിട്ടില്ല.
3. വാടക ഒടുക്കുന്നത് വർഷം തിരിച്ച് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് വാടക രജിസ്റ്ററിൽ കാലികമാക്കി സൂക്ഷിക്കുന്നില്ല.
4. വാടക ഡെപോസിറ്റ് ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല (31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം ഇല്ല).
5. വാർഷിക വാടക വർദ്ധനവ് (കുറഞ്ഞത് 5%) വരുത്തുന്നതായി കാണുന്നില്ല.
6. 2017-18 വർഷത്തിന് മുൻപുള്ള വാടക കുടിശിക 1,300/- രൂപ 31.03.2018 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ (B-15) കാണുന്നു. പ്രസ്തുത കുടിശികയുടെ വിശദാംശം വാടക രജിസ്റ്ററിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.6/07.09.2018) മറുപടി ലഭ്യമായില്ല. വാടക നടപടിക്രമങ്ങളിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഉൾപ്പടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നീറിക്കാട് എസ്.സി കോളനി ടി.വി സെന്റർ നിർമ്മാണം-പ്രോജക്ട് തയ്യാറാക്കൽ,പണം പിൻവലിക്കൽ എന്നിവയിൽ അപാകതകൾ

നീറിക്കാട് എസ്.സി കോളനി ടി.വി സെന്റർ നിർമ്മാണത്തിന് 2015-16 വർഷം 69/16 നമ്പരായി 500000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയും പ്രവൃത്തി ആർ രമേഷ് എന്ന കരാറുകാരൻ ഏറ്റെടുക്കുകയും ചെയ്തു. 2015-16 വർഷം ഈ പ്രോജക്ടിൽ നിന്നും ചെലവ് നടന്നിട്ടില്ല. 2016-17 ൽ ഈ പ്രോജക്ട് 500000/- ലക്ഷം അടങ്കലിൽ 98/17 നമ്പരായി സ്പിൽഓവർ പ്രോജക്ടാവുകയും ഇതോടൊപ്പം തന്നെ ഈ കെട്ടിടത്തിന്റെ ഒന്നാം നില പണിയുന്നതിന് 70/17 നമ്പരായി 500076/- രൂപ എസ്റ്റിമേറ്റോടെ പുതിയ പ്രോജക്ട് തയ്യാറാക്കി ഇ-ടെണ്ടർ നടത്തുകയും ആർ രമേഷ് എന്ന കരാറുകാരനുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം അടങ്കൽ 467514/- രൂപ മാത്രമാണ്. മതിയായ തുക വകയിരുത്താതെ പ്രോജക്ട് തയ്യാറാക്കി ടെണ്ടർ ചെയ്യുകയും കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-2 ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ

റോഡ്

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡ് പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും പ്രധാനമന്ത്രി ആവാസ് യോജനക്ക് വകയിരുത്തേണ്ട മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലും ആവശ്യമാണെങ്കിലും ആയവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികൾ

ജി.ഒ (എം.എസ്)72/2017തസ്വഭവ തീ.29/3/2017 ഖ 12.7.10 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തിന്റെ സമ്മതം വാങ്ങണമെന്ന നിർദ്ദേശവും, 10.7.5 പ്രകാരമുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃവിഹിതം വാങ്ങണമെന്ന നിർദ്ദേശവും പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഓഡിറ്റ് വർഷം 5 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം വകയിരുത്തുകയൊ, പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം വാങ്ങുകയോ ചെയ്തിട്ടില്ല.

കെട്ടിടനിർമ്മാണ പ്രോജക്ടുകൾ

പശ്ചാത്തലമേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളവയിൽ ഏറെയും കെട്ടിട നിർമ്മാണ പ്രോജക്ടുകളാണ്. ഇതിൽ ഏറിയ പങ്കം നടപ്പാക്കിയിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്ത് പരിസരത്താണ്. 2017-18 വർഷം ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി ഏറ്റെടുത്ത കെട്ടിടനിർമ്മാണ പ്രോജക്ടുകൾ താഴെ പറയുന്നവയാണ്.

| ക്രമ.നം. | പ്രോജക്ട് നം, പേര് | ചെലവ് |
|---|---|---|
| 1 | 19/2018, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് സ്റ്റോർ നിർമ്മാണം | 120102 |
| 2 | 43/18, വനിതാ സാനിട്ടറി കോംപ്ലക്സ് | 759568 |
| 3 | 74/18, വനിതാ കാന്റീൻ അടിസ്ഥാന സൗകര്യം | 393163 |
| 4 | 79/18, വനിതാ വിശ്രമകേന്ദ്രം | 826004 |

1956 ൽ നിർമ്മിച്ചതും ജി.ഐ ഷീറ്റ് മേൽക്കൂരയോട് കൂടിയതുമായ പഴയ ഓഫീസ് കെട്ടിടവും പുതുതായി നിർമ്മിച്ച അനുബന്ധകെട്ടിടത്തിലുമായാണ് ഓഫീസ് പ്രവർത്തിക്കുന്നത്, കൂടാതെ സി.ഡി.പി.ഒ യുടെ ഓഫീസും കാന്റീനും ഇതിനോടനുബന്ധിച്ചുണ്ട്. സ്ഥലപരിമിതിയുള്ള ഓഫീസ് കോമ്പൗണ്ടിൽ ദീർഘവീക്ഷണമില്ലാതെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കാതെയും സ്ഥാപിക്കുന്ന കെട്ടിടങ്ങൾ ഭാവിവികസനത്തിന് തടസ്സമാകാനിടയുണ്ട്.

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ള വനിതാ വിശ്രമകേന്ദ്രം ഉദ്ഘാടനം കഴിഞ്ഞെങ്കിലും പ്രവർത്തനസജ്ജമായിട്ടില്ല, വളരെക്കുറച്ച് പൊതുജനങ്ങൾ എത്തുന്ന ഓഫീസ് കോമ്പൗണ്ടിലെ വനിതാ സാനിട്ടറി കോംപ്ലക്സ് പൊതുജനങ്ങൾ കൂടുതലായി എത്തുന്ന മേഖലകളിൽ സ്ഥാപിച്ചിരുന്നെങ്കിൽ കൂടുതൽ ഫലപ്രദമാകുമായിരുന്നു.

ഓഫീസ് വയറിംഗും ഫർണീച്ചർ സ്ഥാപിക്കലും

2016-17 വർഷം547954/- രൂപ മുടക്കി വയറിംഗും, 991440/- രൂപ മുടക്കി ഫർണീച്ചർ സ്ഥാപിക്കലും നടത്തിയിട്ടുണ്ട്.1956 ൽ നിർമ്മിച്ചതും, നാശോന്മുഖവും, ജി.ഐ ഷീറ്റ് മേൽക്കൂരയോട് കൂടിയതുമായ പഴയ ഓഫീസ് കെട്ടിടം വൻതുക മുടക്കി മോടിപിടിപ്പിക്കുന്നത് ദീർഘവീക്ഷണമില്ലാതെ പ്രവൃത്തിയായി കണക്കാക്കേണ്ടിയിരിക്കുന്നു.

മീനച്ചിൽ റബ് വുഡിൽ നിന്നും ടെണ്ടർ ഇളവുകളോടെ വാങ്ങിയിട്ടുള്ള ഫർണിച്ചർ, ടെണ്ടർ ഇളവ് അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ളതല്ലെങ്കിലും ഉത്തരവിൽ പറഞ്ഞിട്ടുള്ള വില നല്കിയിട്ടുള്ളതായി കാണുന്നു.(ഉദാ.1610x910x700x750 അളവുള്ള ഓഫീസ് ടേബിളിന് പകരം 1610x910x700x500x750അളവുള്ള ഓഫീസ് ടേബിളും 1500x1050x750 ടേബിളിനു പകരം 1500x750x750 ടേബിളും ആണ് ലഭിച്ചിട്ടുള്ളത് ) നിർവ്വഹണ ഉദ്യോഗസ്ഥൻ അളവുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാതെ തുക നല്കിയത് മൂലമാണ് അപാകത ഉണ്ടായിട്ടുള്ളത്.

ഭരണസമിതി മേൽ പറഞ്ഞ അപാകതകൾ പരിഗണിക്കേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 റീടെൻഷൻ തുക പിൻവലിച്ച് അക്കൗണ്ടിലിട്ടില്ല -ബ്ലോക്ക് പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത

പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ മാറി കരാറുകാരന് തുക നല്കുമ്പോൾ റിടെൻഷൻ തുക പിടിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അധിക ബാധ്യത വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ആദ്യബില്ലിൽ (First& part Bill) റിടെൻഷൻ ഉൾപ്പെടെയുള്ള തുക പിൻവലിച്ച് തുക തനത്ഫണ്ടിൽ സൂക്ഷിക്കുകയും ഫൈനൽ ബിൽ നല്കുമ്പോൾ റിടെൻഷൻ തുക അപേക്ഷ പ്രകാരം തനത് ഫണ്ടിൽ നിന്നും നല്കുകയും ചെയ്യുന്നതിന് പകരം ആദ്യബില്ലിൽ റിടെൻഷൻ കിഴിച്ചുള്ള തുക പിൻവലിക്കുകയും ഫൈനൽ ബില്ലിൽ റിടെൻഷൻ തുക കൂടി ഉൾപ്പെടുത്തി തുക നല്കുന്ന രീതിയാണ് തുടരുന്നത്. ആദ്യബിൽ തുക നല്കിയ ശേഷം കരാറുകാരൻ കൃത്യമായി പ്രവൃത്തി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് ഗ്യാരന്റിയായി വാങ്ങുന്ന തുക പിൻവലിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ക്രമാനുസൃതമല്ല. ഫൈനൽ ബില്ലിലും റിടെൻഷൻ തുക ഉൾപ്പെടുത്തി തുക പിൻവലിക്കാത്ത സാഹചര്യം വിവിധ ഫയലുകളിൽ കാണാൻ കഴിഞ്ഞു.പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചു കഴിഞ്ഞാൽ മുഴുവൻ തുകക്കും കരാറുകാരന് അർഹതയുണ്ടെന്നിരിക്കെ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കാത്തതുമൂലം തുക ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയായി മാറുന്നു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉദാഹരണം 1

ഉദിക്കാമല-പട്ടുകളം നവീകരണം എന്ന പ്രോജക്റ്റിന്റെ ചെലവ് തുക രണ്ട് ബില്ലുകൾ പ്രകാരമാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്.ആദ്യബില്ലിൽ റീടെൻഷൻ തുക 38651 രൂപ കുറച്ചുള്ള തുകയാണ് പിൻ വലിച്ചത്.വിശദവിവരം ചുവടെ ചേർക്കുന്നു.

| CC 2nd & part bill | |
|---|---|
| വേലമൂല്യം | 386507 |
| റീടെൻഷൻ തുക | 38651(-) |
| പിൻവലിച്ചിട്ടുള്ളത് | 347856 |
| ഐ.റ്റി 1% | 3479 |
| വാറ്റ്4% | 13914 |
| വെൽഫയർ ഫണ്ട് | 3479 |
| കരാറുകാരന് നല്കിയത് | 326984 |

ആദ്യ ബില്ലിൽ റീടെൻഷൻ തുക പിൻവലിച്ചിട്ടില്ലാത്തതിനാൽ ആയതുകൂടി ഉൾപ്പെടുത്തിയ തുകയാണ് രണ്ടാമത്തെ ബില്ലിൽ പിൻ വലിച്ച് കരാറുകാരന് നല്കേണ്ടിയിരുന്നത്. എന്നാൽ പിൻവലിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| CC IInd & Final bill | |
|---|---|
| വേലമൂല്യം | 491519.41-386507=105012.41 |
| പിൻവലിച്ചിട്ടുള്ളത് | 105012 |
| ഐ.റ്റി 1% | 1050 |
| വാറ്റ്4% | 4200 |
| വെൽഫയർ ഫണ്ട് | 1050 |
| കരാറുകാരന് നല്കിയത് | 98712 |

ഉദാഹരണം 2

നീറിക്കാട് എസ്.സി.കോളനി ടി.വി സെന്റർ ആദ്യനില പണിയൽ എന്ന പ്രോജക്ടിന്റെ ചെലവ് തുക രണ്ട് ബില്ലുകൾ പ്രകാരമാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്.ആദ്യബില്ലിൽ റീടെൻഷൻ തുക 26050 രൂപ കുറച്ചുള്ള തുകയാണ് പിൻ വലിച്ചത്.വിശദവിവരം ചുവടെ ചേർക്കുന്നു.

| CC 1st & part bill | |
|---|---|
| വേലമൂല്യം | 260495.58 |
| റീടെൻഷൻ തുക | 26050(-) |
| പിൻവലിച്ചിട്ടുള്ളത് | 234446 |
| ഐ.റ്റി 1% | 2344 |
| വാറ്റ് 4% | 9778 |
| വെൽഫയർ ഫണ്ട് | 2344 |
| കരാറുകാരന് നല്കിയത് | 220380 |

ആദ്യബില്ലിൽ റീടെൻഷൻ തുക പിൻവലിച്ചിട്ടില്ലാത്തതിനാൽ ആയതുകൂടി ഉൾപ്പെടുത്തിയ തുകയാണ് രണ്ടാമത്തെ ബില്ലിൽ പിൻ വലിച്ച് കരാറുകാരന് നല്കേണ്ടിയിരുന്നത്. എന്നാൽ പിൻവലിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| CC IInd & Final bill | |
|---|---|
| വേലമൂല്യം | 457760.35-260496=197264 |
| പിൻവലിച്ചിട്ടുള്ളത് | 197264 |
| ഐ.റ്റി 1% | 1973 |
| വാറ്റ് 4% | 7891 |
| വെൽഫയർ ഫണ്ട് | 1973 |
| കരാറുകാരന് നല്കിയത് | 185427 |

മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളിലും വികസനഫണ്ടിൽ നിന്ന് നല്കേണ്ട തുക (38651+26050) ഫൈനൽബില്ലിൽ ക്രമീകരിച്ച് നല്കിയിട്ടില്ല. പ്രസ്തുത പ്രോജക്ട് നിലവിലില്ലാത്തതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന് അധികബാധ്യതയായി മാറിയിരിക്കുന്നു. അപാകത ഭരണസമിതി പരിഗണിക്കേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 ഉദിക്കാമല-പട്ടുകുളം ലൈൻ എക്സ്റ്റൻഷൻ-എസ്റ്റിമേറ്റിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഉദിക്കാമല-പട്ടുകുളം ലൈൻ എക്സ്റ്റൻഷൻ |
| പ്രോജക്ടിന്റെ നമ്പർ | S0118/17, S0031/18 |
| അടങ്കൽ,ഫണ്ടിനം | 610000/-(വികസനഫണ്ട് സാധാ.) |
| എഗ്രിമെന്റ് നമ്പർ | 21/AEE/LSGD/PLM/16-17 Dt.17/03/2017 |
| കരാറുകാരൻ | വി.സി.ഫിലിപ്പോസ് |
| അളവു പുസ്തകം | 23/16-17 |
| ചെലവ് | 550767/-(Vat 22030+IT 5507+KCWWF5507+517723) |
| കരാറുകാരന് നല്കിയത് | 517723/-(A/c No 67374351944 SBT) |
| ബിൽനംപർ,തീയതി | 7/17-18 |

ഉദിക്കാമല കുടിവെള്ള പദ്ധതിയുടെ 350 മീറ്റർ പമ്പിംഗ് മെയിൻ, 630 മീറ്റർ വിതരണ ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ള ടാങ്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ളതായിരുന്നു പ്രോജക്ട്. ഇതിൽ 332.7 മീറ്റർ പമ്പിംഗ് മെയിൻ, 606 മീറ്റർ വിതരണ ലൈൻ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തിയിട്ടുണ്ട്. ഇതിൽ പമ്പിംഗ് മെയിൻ സ്ഥാപിച്ചിട്ടുള്ളത് നിലവിലുള്ള കോൺക്രീറ്റ് റോഡിൽ 332.7മീ ട്രഞ്ച് എടുത്താണ്. പൈപ്പ് സ്ഥാപിച്ചതിനുശേഷം ട്രഞ്ച് കോൺക്രീറ്റ് ഉപയോഗിച്ച് അടക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് മാത്രം 252768/-രൂപ ചെലവഴിച്ചിട്ടുണ്ട് (ഇനം1,2).

പ്രോജക്ട് പ്രകാരം 75 എം എം 10കെ.ജി പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള എസ്ററിമേറ്റ് ട്രഞ്ചിംഗ് ആന്റ്

റീഫില്ലിംഗിന് ഉള്ള തുക കൂടി ഉൾപ്പെടുത്തിയുള്ളതാണ്. കോൺക്രീറ്റ് റോഡിൽ ഈ പ്രവൃത്തി ചെയ്യേണ്ടി വരുമ്പോൾ ഡി.എസ്.ആർ 2-13-1-1 പ്രകാരം (റീ ഇൻഫോഴ്സ്മെന്റ് ഇല്ലാത്ത കോൺക്രീറ്റ് ഉൾപ്പെടുന്ന സാധാരണ പാറ) 45സെ.മീ വീതിയിൽ ശരാശരി 1.05 താഴ്ചയിൽ ട്രഞ്ച് എടുക്കുന്നതിനുള്ള തുക നല്കുകയും പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്കിൽ നിന്നും ട്രഞ്ചിംഗ് ആന്റ് റീഫില്ലിംഗിന് ഉള്ള തുക കുറക്കേണ്ടതുമായിരുന്നു.

| ട്രഞ്ചിംഗ് ആന്റ് റീഫില്ലിംഗിന് ഉൾപ്പെടെയുള്ള തുക (10 മീറ്ററിനുള്ളത്) | | ട്രഞ്ചിംഗ് ആന്റ് റീഫില്ലിംഗ് ഒഴിവാക്കി നല്കാവുന്ന തുക (10 മീറ്ററിനുള്ളത്) | |
|---|---|---|---|
| 75 എം എം 10കെ.ജി 11.5 മീ @ 195/മീ | 2242.5 | 75 എം എം 10കെ.ജി 11.5 മീ @ 195/മീ | 2242.5 |
| ഫിറ്റർ 0.25 Day@ 435/Day | 108.75 | ഫിറ്റർ 0.25 Day@ 435/Day | 108.75 |
| ബൽഡർ 0.66Day@329/Day | 217.14 | ബൽഡർ0.66Day@329/Day | 217.14 |
| ട്രഞ്ചിംഗ് ആന്റ് റീഫില്ലിംഗിന് | | | |
| ബൽഡർ 0.66Day@329/Day | 217.14 | | |
| കൂലി0.66 Day@ 329/Day | 217.14 | | |
| ആകെ (10 മീറ്ററിന്) | 3002.67 | | 2568.39 |
| ഒരു മീറ്ററിന് | 300.27 | | 256.83 |
| വാട്ടർ ചാർജ്1% | 3 | വാട്ടർ ചാർജ്1% | 2.56 |
| സി.പി.ഒ എച്ച് 15% | 45.49 | സി.പി.ഒ എച്ച് 15% | 38.52 |
| | 348.76 | | 297.91 |
| കോസ്റ്റ് ഇൻഡക്സ് 46.67% | 41.2 | കോസ്റ്റ് ഇൻഡക്സ് 46.67% | 17.63 |
| | 389.97 | | 315.54 |

എന്നാൽ എസ്റ്റിമേറ്റ്, അളവുപുസ്തകം എന്നിവ പ്രകാരം 20 സെ.മീ മുതൽ 1.25 മീ വരെ വീതിയിലും 15 സെ .മീ കനത്തിലും കോൺക്രീറ്റ് പൊട്ടിച്ച് (Dismantling) ട്രഞ്ച് എടുത്തതായും പൈപ്പ് സ്ഥാപിച്ച ശേഷം കോൺക്രീറ്റ് ഉപയോഗിച്ച് നിറച്ചതായും കാണുന്നു. ഡി.എസ്.ആർ പ്രകാരം പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ട്രഞ്ച് എടുക്കുന്നതിന് പകരം അനുവദനീയമായ അളവിൽ നിന്നും അധികമായി പ്രവൃത്തി ചെയ്തതു മൂലം അനാവശ്യചെലവ് ഉണ്ടായിട്ടുള്ളതായി കാണുന്നു.

സാധാരണ പാറയിൽ (ഓർഡിനറി റോക്ക്) 80എംഎം വരെയുള്ള പൈപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ ട്രഞ്ച് എടുക്കുന്നതിന് ഡി.എസ്.ആർ 2-13-1-1 പ്രകാരം നല്കാവുന്നതുക താഴെ പറയുന്നു.

| | |
|---|---|
| ഡി.എസ്.ആർ 2014, 2-13-1-1 പ്രകാരം നല്കാവുന്നതുക(പ്രൈസ് സോഫ്റ്റ്വെയർ പ്രകാരം സി.പി,ഒഎച്ച് ഉൾപ്പെടെ) | 181.50 |
| കോസ്റ്റ് ഇൻഡക്സ് 1.4667 | 84.70 |
| | 266.20 |

ചെയ്ത പ്രവൃത്തിയും നല്കിയ തുകയും

| | |
|---|---|
| ഇനം 1, 27.51ക്യ.മീ കോൺക്രീറ്റ് പൊട്ടിച്ച് നീക്കുന്നതിന് 1300/-രൂപ നിരക്കിൽ | 35763/- |
| ഇനം 1, 27.75 ക്യ.മീ കോൺക്രീറ്റ് ഉപയോഗിച്ച് ട്രഞ്ച് അടക്കൽ 7820/-രൂപ നിരക്കിൽ | 217005/- |
| ഇനം 2, 332.7മീ 75 എം എം 10കെ.ജി പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള തുക (ട്രഞ്ചിംഗ് ആന്റ് റീഫില്ലിംഗിന് ഉള്ള തുക കൂടി ഉൾപ്പെടുത്തിയുള്ളത്). 389.97/മീ നിരക്കിൽ | 129743/- |
| ആകെ | 382511/- |

ചെയ്യേണ്ടിയിരുന്ന പ്രവൃത്തിയും നല്കിയ തുകയും

| | |
|---|---|
| ഇനം1, 332.7 മീ സാധാരണ പാറയിലുള്ള ട്രഞ്ചിംഗ് @266/മീ | 88498/- |
| ഇനം1, 22.46ക്യ.മീ കോൺക്രീറ്റ് ഉപയോഗിച്ച് ട്രഞ്ച് അടക്കൽ 7820/-രൂപ നിരക്കിൽ | 175637/- |
| ഇനം 2, 332.7മീ 75 എം എം 10കെ.ജി പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള | 104980/- |

| | |
|---|---|
| തുക (ട്രഞ്ചിംഗ് ആന്റ് റീഫില്ലിംഗിന് ഉള്ള തുക ഉൾപ്പെടുത്താതെ).<br>315.54/മീ നിരക്കിൽ | |
| ആകെ | 369115/- |
| അനാവശ്യചെലവ് 382511-369115=13396/-രൂപ | |

എഞ്ചിനീയറിംഗ് വിഭാഗം ഫയൽ പുനപരിശോധിക്കേണ്ടതും നഷ്ടമുണ്ടായ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

## 3-5 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി - പദ്ധതി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു

പ്രോജക്ട് നമ്പർ- 38/17-18

അടങ്കൽ- 39,84,100 രൂപ

ചെലവ് – 39,84,100 രൂപ

അസി ഡയറക്ടർ (കൃഷി) നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി (ബ്ലോക്ക് വിഹിതം) വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും സെക്രട്ടറിമാർ ഈ തുക ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് കൈമാറേണ്ടതുമാണ്. കൃഷി ഓഫീസർ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അർഹമായ തുക ട്രാൻസ്ഫർ ചെയ്യുന്നു. പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ബില്ലിന്റെ വിശദാംശങ്ങൾ

1) ബില്ല് നമ്പർ 1 -1850000 രൂപ; തീയതി- 11/08/2018

2) ബില്ല് നമ്പർ 2 -1967500 രൂപ; തീയതി - 29/12/2017

3) ബില്ല് നമ്പർ 3 -166600 രൂപ; തീയതി- 17/02/2018

1) ബിൽ നമ്പർ 1 പ്രകാരം പിൻവലിച്ച 1850000 രൂപ പ്രസ്തുത പ്രോജക്ടിനായി കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 799011400003190, ചങ്ങനാശ്ശേരി സബ് ട്രഷറി) ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. ഇതിൽ നിന്ന് 1823460 രൂപ 06/02/18 തീയതിയിലെ 9988681 നമ്പർ ചെക്ക് പ്രകാരം പഞ്ചായത്ത് സെക്രട്ടറി കുറിച്ചി അഗ്രികൾച്ചറൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ബാക്കി തുക (1850000-1823460= 26540 രൂപ) കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

2) ബിൽ നമ്പർ 2 പ്രകാരം പിൻവലിച്ച 1967500 രൂപ അയർക്കുന്നം, പുതുപ്പള്ളി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു (അയർക്കുന്നം ഗ്രാമ പഞ്ചായത്ത്-340000 രൂപ, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്-565000 രൂപ, പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത്- 1062500 രൂപ). ഇതിൽ അയർക്കുന്നം, പനച്ചിക്കാട് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ച തുക മുഴുവനായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന് ലഭിച്ച 565000 രൂപയിൽ 387500 രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പുതുപ്പള്ളി അഗ്രികൾച്ചറൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (01.03.18 തീയതിയിലെ 8176942 നമ്പർ ചെക്ക് പ്രകാരം 377400 രൂപയും 24.03.18 തീയതിയിലെ 8176943 നമ്പർ ചെക്ക് പ്രകാരം 10100 രൂപയും). ബാക്കി തുക (565000-387500=177500രൂപ) പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

പ്രസ്തുത തുക (177500+26540=204040 രൂപ) സർക്കാരിലേക്ക് തിരികെ ഒടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 20,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 87/17-18- ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവ്

അടങ്കൽ - 20,00,000 രൂപ (ജനറൽ)

ചെലവ് - 20,00,000 രൂപ

ബില്ല് നം- 01/17-18- 13,00,000 രൂപ തീയതി- 28/09/17

ബില്ല് നം- 02/17-18- 5,00,000 രൂപ തീയതി- 24/10/17

ബില്ല് നം- 03/17-18- 2,00,000 രൂപ തീയതി- 17/11/17

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് മുഖേന വിവിധ പഞ്ചായത്തുകൾക്കായി 20,00,000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 20,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം-1 തീയതി 16.08.18) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത രേഖകൾ എത്രയും പെട്ടന്ന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-7 പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ്റ് പ്രവർത്തനസജ്ജമായില്ല

19.05.2017-ലെ സ.ഉ.(സാധാ) നം.1641/2017/തസ്വഭവ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്ലാസ്റ്റിക് ഷെർഡിങ് മെഷീൻ വാങ്ങുന്നതിനായി "പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ്റിനായി ആവർത്തന ചെലവുകൾ (വയബിലിറ്റി ഗ്യാപ്പ് ഫണ്ട്)" S0076/18 നം. പ്രോജക്ടും പ്ലാസ്റ്റിക് ബെയ്‌ലിങ് മെഷീൻ വാങ്ങുന്നതിനായി "പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ്റിന് ബെയ്‌ലിങ് മെഷീൻ വാങ്ങൽ" S0111/18 നം. പ്രോജക്ടും ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ചു നടപ്പാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് വിശദാംശം |
|---|---|---|
| 1. | S0076/18 | അടങ്കൽ - 1,051,209/- രൂപ (വികസന ഫണ്ട് - പൊതുവിഭാഗം)<br>ചെലവ് - 519,372/- (ബിൽ നം.01/GEO/PLM/2017-18 തീയതി 11.01.2018) |
| 2. | S0111/18 | അടങ്കൽ - 590,558/- രൂപ (വികസന ഫണ്ട് - പൊതുവിഭാഗം)<br>ചെലവ് - 463,571/-(ബിൽ നം.02/GEO/PLM/2017-18 തീയതി 09.03.2018) |
| ആകെ ചെലവ് | | 982,943/- രൂപ |

മേൽപറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ടെൻഡർ നടപടികൾ ഒഴിവാക്കി ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനുള്ള ഏജൻസിയായി നിശ്ചയിച്ചു. ക്രമ നം.1 പ്ലാസ്റ്റിക് ഷെർഡിങ് മെഷീൻ സ്ഥാപിക്കുന്നതിനായി 12.12.2017 തീയതിയിൽ കരാർ ചമയ്ക്കുകയും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ന്റെ 21.12.2017-ലെ പെർഫോമ ഇൻവോയ്സ് നം.59/2017-18 പ്രകാരം അക്കൗണ്ട് ട്രാൻഫർ മുഖേന 519,372/- രൂപ 20.01.2018-ൽ അടവാക്കുകയും ചെയ്തു (അക്കൗണ്ട് നം.33622776812,IFS Code-SBIN0007203). തുടർന്ന് ക്രമ നം.2 പ്ലാസ്റ്റിക് ബെയ്‌ലിങ് മെഷീൻ സ്ഥാപിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി 03.03.2018 തീയതിയിൽ കരാർ ചമയ്ക്കുകയും 03.03.2018-ലെ പെർഫോമ ഇൻവോയ്സ് നം.110/2017-18 പ്രകാരം അക്കൗണ്ട് ട്രാൻഫർ മുഖേന 463,571/- രൂപ 15.03.2018-ൽ അടവാക്കുകയും ചെയ്തു.

പ്രോജക്ട് തുക അടവാക്കി 60 ദിവസത്തിനുള്ളിൽ ഷെർഡിങ് മെഷീനും 30 ദിവസത്തിനുള്ളിൽ ബെയ്‌ലിങ് മെഷീനും സ്ഥാപിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്(വ്യവസ്ഥ നം.22). കരാർ പ്രകാരം മെഷിനറി സ്ഥാപിക്കുന്നതിന് 1000 ചതുരശ്ര അടി സ്ഥലം, ഇൻഫ്രാ സ്ട്രക്ച്ചർ, ത്രീ ഫേസ് കണക്ഷൻ, വെള്ളത്തിന്റെ ലഭ്യത എന്നിവ പഞ്ചായത്ത് ഒരുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (വ്യവസ്ഥ നം.2). ടി പ്രോജക്ടുമായി ബന്ധപ്പെട്ട് പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 23.12.2017, 19.03.2018 തീയതികളിൽ പുറപ്പെടുവിച്ച GEO-1729/2017 നം. സപ്ലൈ ഓർഡറുകളിൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ മെത്രാഞ്ചേരി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള VIII/310 A-ാം നം. കെട്ടിടത്തിൽ പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ്റും അനുബന്ധ മെഷനറികളും സ്ഥാപിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു(നം.2/16.08.2018). ആയതിന് 07.09.2018-ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ മെഷീനറികൾ സ്ഥാപിച്ചതായും ത്രീഫേസ് കണക്ഷൻ ലഭ്യമാകാനുള്ളതിനാലാണ് പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കാലതാമസം വന്നതെന്നും ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതായി അറിയിച്ചു. ത്രീഫേസ് കണക്ഷൻ ലഭ്യമാക്കി പ്ലാന്റ് കമ്മീഷൻ ചെയ്തശേഷം വിശദാംശം അറിയിക്കുമെന്നും മറുപടി നൽകി. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് കമ്പനിയിൽ നിന്നുള്ള പ്ലാസ്റ്റിക് ഷെർഡിങ് യൂണിറ്റ് സ്ഥാപിച്ചതിന്റെ

റീറ്റെയ്ൽ ഇൻവോയ്സ്, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ഷെർഡിങ്ങ് യൂണിറ്റ് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. മേൽപറഞ്ഞ നടപടികൾ പൂർത്തിയാക്കുന്നതുവരെ 982,943/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല-- 75995 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ കുറിച്ചി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം 06/17-18) പദ്ധതിയിൽപ്പെടുത്തി മരുന്ന് ലഭ്യമാക്കുന്നതിനായി ആലപ്പുഴ ഹോംകോയ്ക്ക് (അക്കൗണ്ട് നം.34306403911, എസ്.ബി.ഐ പാതിരാപ്പള്ളി) 5,00,000 രൂപ നൽകിയിട്ടുണ്ട് (ബിൽ നം 01/17-18). എന്നാൽ ഓഡിറ്റ് തീയതി വരെ 4,24,005 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ 75,995 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 തോട്ടക്കാട് ഗവ. ആശുപത്രി- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (തോട്ടക്കാട് ഗവ. ആശുപത്രി), നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 09/2018 നം പദ്ധതി പ്രകാരം, തോട്ടക്കാട് ഗവ. ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 1,50,000/- രൂപ മെയ്ന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (അക്കൗണ്ട് നം-3624001800000019, പി.എൻ.ബി, തിരുവനന്തപുരം)നൽകി ചെലവഴിച്ചിട്ടുണ്ട് . (ബിൽ നം. 01/2017-18 -Rs.80,00/- തീയതി 23.12.17, ബിൽ നം. 02/2017-18 -Rs. 70,000/- തീയതി 19.01.18 ). എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആവശ്യപ്പെട്ട മരുന്നുകൾ (രൂപയിൽ) | ലഭ്യമായ മരുന്നുകൾ (രൂപയിൽ) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (രൂപയിൽ) |
|---|---|---|
| 1,5,00,00 | 1,34,626 | 15,374 |

ആകെ 15,374/- രൂപയുടെ മരുന്നുകൾ ലഭിക്കാനുള്ളതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല- 2,10,578/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (കമ്യൂണിറ്റി ഹെൽത്ത് സെന്റർ), നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികൾ പ്രകാരം, പനച്ചിക്കാട്, കുറിച്ചി, അയർകുന്നം കമ്യൂണിറ്റി ഹെൽത്ത് സെന്റർകൾക്ക് മരുന്ന് വാങ്ങുന്നതിനായി 450000/- രൂപ ( 1,50,000 രൂപ വീതം 3 ആശുപത്രികൾക്ക്) മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (അക്കൗണ്ട് നം-3624001800000019, പി.എൻ.ബി, തിരുവനന്തപുരം) നൽകി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ബില്ലിന്റെ വിശദാംശങ്ങൾ | ആവശ്യപ്പെട്ട മരുന്നുകൾ (രൂപയിൽ) | ലഭ്യമായ മരുന്നുകൾ (രൂപയിൽ) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (രൂപയിൽ) |
|---|---|---|---|---|---|
| 1 | നം- 04/17-18 (പനച്ചിക്കാട് പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ) | ബിൽ നം 1/17-18 തീയതി- 23/12/17 | 1,50,000 | 64975 | 85025 |
| 2 | നം- 07/17-18 (കുറിച്ചി പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ) | ബിൽ നം. 1/17-18 തീയതി- 20/02/18 | 1,50,000 | 50905 | 99095 |
| 3 | നം- 08/17-18 (അയർകുന്നം പി.എച്ച്.സി | ബില്ല് നം 1/17-18 | 1,50,000 | 123362 | 26638 |

| | | | | | |
|---|---|---|---|---|---|
| | ക്ക് മരുന്നു വാങ്ങൽ) | തീയതി- 11/01/18 | | | |
| | ആകെ | | 4,50,000 | 2,39,242 | **2,10,578** |

ആകെ 2,10,578/- രൂപയുടെ മരുന്നുകൾ ലഭിക്കാനുള്ളതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-11 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

തൻവർഷം വിവിധനിർവ്വഹണോദ്യോഗസ്ഥർ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ നടത്തിപ്പിനായി മറ്റ് നിർവ്വഹണ ഏജൻസികൾ /സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുകകളുടെ വിനിയോഗ വിവരങ്ങളും പ്രോജക്റ്റ് പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/ പേര് | ബിൽ നമ്പർ/ ചെക്ക് നം | ചെലവഴിച്ച തുക | തുകകൈപ്പറ്റിയ സ്ഥാപനം | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 56/18 മധുരംചേരി കുടിവെള്ള പദ്ധതി | 13.pro no.56/18 | 449769- | ഭൂജലവകുപ്പ് | സെക്രട്ടറി |
| 2. | 57/18.വടവാളൂർ ഇഎസ്ഐ കുടിവെള്ളപദ്ധതി- പഞ്ചായത്തിന് തുക കൈമാറൽ | 12.pro no.57/18 | 115000- | വിജയപുരം പഞ്ചായത്ത് | “ |
| 3. | 59/18.ഇരവിനല്ലൂർ കുടിവെള്ള പദ്ധതി | 14.pro no.59/18 | 564769- | ഭൂജലവകുപ്പ് | “ |
| 4. | 60/18.വിജയപുരം പുതുപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ കുഴൽകിണർ നിർമ്മാണം | 15.pro no.60/18 | 564769- | ഭൂജലവകുപ്പ് | “ |
| 5. | 117/18.ലൈഫ് ഭവനനിർമ്മാണ പദ്ധതി (SCP) പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 24.pro.117/18 | 1600000- | പുതുപ്പള്ളി(800000-) പനച്ചിക്കാട് (800000-) | “ |
| 6. | 52/18. വൃദ്ധസദനത്തിന് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 2/17-18 /15-3-18 | 144000- | എക്സി.എഞ്ചി. പൊതുമരാമത്ത് വകുപ്പ്, | സൂപ്രണ്ട്, സാമൂഹ്യനീതി വകുപ്പ് |
| | ആകെ | | 3,438,307/- | | |

പ്രോജക്റ്റുകൾ പൂർത്തീകരിച്ച് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ആകെ ചെലവുതുക 3,438,307/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ബ്ലോക്ക് പഞ്ചായത്തിന് 320700103 ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ള 2.5 ലക്ഷം രൂപ മാത്രമാണ് 2017-18 വർഷം സംയുക്ത പ്രോജക്റ്റിനായി ലഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | തീയതി | | | | |
|---|---|---|---|---|---|
| അയർക്കുന്നം | 11.11.2017 | 100,000/- | പനച്ചിത്താനം കുടിവെള്ള പദ്ധതി (S0037/18) | ഇല്ല | 100,000/- |
| ഗ്രാമപഞ്ചായത്ത് | 11.11.2017 | 150,000/- | വല്യേലിൽ കുടിവെള്ള പദ്ധതി (S0041/18) | ഇല്ല | 150,000/- |

സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകൾ അക്കൗണ്ട് ചെയ്യുന്ന 320700203, 320700205 ശീർഷകങ്ങളില യഥാക്രമം വിവിധ പഞ്ചായത്തുകൾ, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഐ.എ.വൈ. വിഹിതം ഇനത്തിൽ ലഭിച്ച തുകകളാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ടി തുകകൾ കൃത്യമായ ശീർഷകത്തിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ടിലൂടെ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ട്രഷറി അക്കൗണ്ട് ആരംഭിച്ച് ടി ആവശ്യത്തിന് ലഭിച്ച ഫണ്ടിന്റെ വിനിമയം പ്രസ്തുത അക്കൗണ്ടിലൂടെ നടത്തേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2017-18 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഭൂജലവകുപ്പിൽ (Groundwater Department) ആകെ 1,579,307/- രൂപയും പൊതുമരാമത്ത് വകുപ്പിൽ 144,000/- രൂപയും നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | മധുരംചേരി കുടിവെള്ള പദ്ധതി (S0056/18) | 449,769/- | 15.09.2017 | 0 | 449,769/- |
| | ഇരവിനെല്ലൂർ കുടിവെള്ള പദ്ധതി (S0059/18) | 564,769/- | 15.09.2017 | 0 | 564,769/- |
| | വിജയപുരം, പുതുപ്പള്ളി പഞ്ചായത്തുകളിൽ കുഴൽകിണർ(S0060/18) | 564,769/- | 15.09.2017 | 0 | 564,769/- |
| എക്സി.എഞ്ചി. പൊതുമരാമത്ത് വകുപ്പ് | വൃദ്ധസദനത്തിന്റെ കോമ്പൗണ്ടിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (s0052/18) | 144,000/- | 17.03.2018 | 0 | 144,000/- |
| ആകെ നിക്ഷേപിച്ച തുക | | 1,723,307/- | - | 0 | 1,723,307/- |

മേൽപ്പറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വൃദ്ധസദനത്തിന്റെ കോമ്പൗണ്ടിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലിനായി 144,000/- രൂപ തുക ഡെപോസിറ്റായി 31.03.2018-ലെ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നില്ല.

മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി., ഭൂജലവകുപ്പ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകകളിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത തുകകളുടെ വിശദാംശം ക്രോഡീകരിച്ച് ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ വിവരം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും തുടർനടപടികൾ കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. വായ്പ തുകയുടെ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തീയതി | ബാങ്ക്/ ലോൺ | 31.03.2018 വരെ | 01.04.2017-ൽ തിരിച്ചടയ്ക്കാനുള്ള | 2017-18 വർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | | അക്കൗണ്ട് നം. | വായ്പ എടുത്ത തുക | തുക | തുക | | ബാക്കി തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ.(എം.എസ്.) നം.193/13 /തസ്വഭവ 24.05.2013 | പുതുപ്പള്ളി എസ്.സി.ബി. ലിമിറ്റഡ് നം.3831 A/C No. 0003182800000 | 25 ലക്ഷം | 1,750,000/- | 250,000/- | - | 1,500,000/- |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ.(എം.എസ്.) നം.90/13 /തസ്വഭവ 14.03.2013 | പനച്ചിക്കാട് റീജിയണൽ എസ്.സി.ബി. ലിമിറ്റഡ് നം.3959 A/C No. 0141290000001 | 47.5 ലക്ഷം | 608,026/- | 0 | 0 | 608,026/- |

2017-18 പ്രോജക്ട് നം.S0001/18 പ്രകാരമാണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. വർഷത്തിന്റെ ആദ്യസമയത്ത് ലോൺ തിരിച്ചടവ് നടത്തിയെങ്കിലും ലോൺ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം അടവാക്കിയ 2.5 ലക്ഷം രൂപ സാമ്പത്തിക വർഷത്തിന ശേഷം 03.05.2018-ലാണ് പ്രസ്തുത അക്കൗണ്ടിൽ വരവ് ചേർത്തതായി കാണുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ലോൺ തിരിച്ചടയ്ക്കുന്നതനുസരിച്ച് ലോൺ രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക 2017-18 റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തൻവർഷം സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപമായി നീക്കിയിരിപ്പ് ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും അടവാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര് തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 1999-00 | 28, 34 എ | 2003-04 | പേജ് 63 | 1) പനച്ചിക്കാട്-വെള്ളൂവാക്കൽപ്പാടം സംരക്ഷണഭിത്തി 17,000- രൂപ 2) റോഡ് നിർമാണം (പനച്ചിക്കാട്- മലവേടർ കോളനി) നികുതി | നിയമസഭ സമിതി പരിഗണിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | വിഹിതങ്ങൾക്കായി വകയിരുത്തിയ തുക കൺവീനർക്ക് നൽകി 19,600/- രൂപ | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 70,088,026/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60,621,278/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6723197 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,800,000/- | കെ. ജയലക്ഷ്മി, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| | 200,000/- | ഷേർലി അലക്സ്, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 3-7 | 982,943/- | ശ്രീ. അനിൽകുമാർ വി. ജി., ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ |
| 3-8 | 75,995/- | ഡോ. മായ എസ്. രാജപ്പൻ, മെഡിക്കൽ ഓഫീസർ – ഹോമിയോ |
| 3-9 | 15,374/- | ഡോ. പ്രീത എസ്. വൈ., മെഡിക്കൽ ഓഫീസർ-ഗവ. ആശുപത്രി |
| 3-10 | 2,10,578 | ഡോ. രശ്മി ജി., മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. |
| 3-11 | 3,294,307/- | ശ്രീ പി.കെ. അപ്പുക്കുട്ടൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| | 144,000/- | ശ്രീ ജയൻ എസ്., സൂപ്രണ്ട്-സാമൂഹ്യനീതി വകുപ്പ് |
| ആകെ | 67,23,197 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.08.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തകക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.കെ.പി1-819/01/12.06.2001 | - |
| 1997-98 | എൽ.എഫ്.കെ.പി1-37/08/09.07.2008 | - |
| 1998-99 & 1999-00 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(1)/2018/07.05.2018 | 11 |
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(2)/2018/07.05.2018 | 7 |
| 2002-03 | എൽ.എഫ്.കെ.പി1-980/05/11.10.2006 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(3)/2018/07.05.2018 | 8 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(4)/2018/07.05.2018 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(5)/2018/07.05.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(6)/2018/07.05.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(7)/2018/07.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(8)/2018/07.05.2018 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(9)/2018/07.05.2018 | 5 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(10)/2018/07.05.2018 | 4 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(11)/2018/07.05.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(12)/2018/07.05.2018 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(13)/2018/07.05.2018 | 5 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/812(14)/2018/07.05.2018 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.15/1623/18/18.01.2018 | 14 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.15-1849/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി. 09.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം